"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് പോളച്ചിറക്കൽ ഹൈസ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**4340/2025/GEDN**　　തീയതി,തിരുവനന്തപുരം, **30-06-2025**

---

പരാമർശം:-
1. പാലക്കാട് പോളച്ചിറക്കൽ ഹൈസ്കൂൾ മാനേജരുടെ **06.02.2025**-ലെ റിവിഷൻ ഹർജി
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **10.04.2025**-ലെ ഇ.എം1/7624/2025/ഡി.ജി.ഇ നമ്പർ കത്ത്
3. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **23.04.2025**-ലെ **DEOPKD/450/2025-B4** നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് പോളച്ചിറക്കൽ ഹൈസ്കൂൾ മാനേജർ **06.02.2025** തീയതിയായി സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട കക്ഷികളുടെ വാദം **29.04.2025** തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി. ടി സ്കൂളിൽ എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീ.അഖിലേശ്വരന് **15.07.2021** തീയതി മുതൽ നിയമനാംഗീകാരം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

**2.**ഹർജിക്കാരന്റെയും ശ്രീ.അഖിലേശ്വരന്റെയും പൊതുവായ വാദങ്ങൾ ഇപ്രകാരമാണ്:

“ടി സ്കൂളിലെ എച്ച്.എസ്.ടി.(പി.എസ്. ) ആയിരുന്ന ശ്രീ.രാജീവിന് **01.04.2020** മുതൽ ഹെഡ്മാസ്റ്റർ ആയി സ്ഥാനക്കയറ്റം നൽകിയതിനെ തുടർന്നുണ്ടായ ഒഴിവിൽ ശ്രീ.അഖിലേശ്വരനെ **15.07.2021** മുതൽ നിയമിച്ചു. ടി സ്കൂൾ പുതുതായി ഉയർത്തപ്പെട്ട സ്കൂളായതിനാൽ സംരക്ഷിത അധ്യാപകനെ നിയമിച്ചിട്ടില്ല എന്ന കാരണത്താൽ ടിയാന്റെ നിയമനം നിരസിച്ചു. ടി സ്കൂളിൽ ഭിന്നശേഷി നിയമനത്തിനായി കാറ്റഗറി **II**-ൽ എച്ച്.എസ്.ടി.(തമിഴ്) തസ്തിക മാറ്റി വച്ചിട്ടുള്ളത്

വിദ്യാഭ്യാസ ഉപഡയറക്ടർ അംഗീകരിച്ചിട്ടുണ്ട്.

ടി സ്കൂളിലെ എച്ച്.എസ്.ടി.(മലയാളം) ശ്രീമതി ലിസ തോമസ് **31.05.2024**-ൽ വിരമിച്ചതിനെ തുടർന്ന് ടി തസ്തികയിൽ **01.06.2024** മുതൽ സംരക്ഷിത അധ്യാപകനെ നിയമിക്കുന്നതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും, വിദ്യാഭ്യാസ ഉപഡയറക്ടർക്കും അപേക്ഷ നൽകുകയും പുനർവിന്യസിക്കുവാൻ അധ്യാപകർ ലഭ്യമല്ലാത്തതിനാൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ അഖിലേശ്വരൻ **03.09.2021**-ന് നടത്തിയ **2021**-ലെ **K-TET** പാസ്സായിട്ടുണ്ട്. ശ്രീ തോമസ് പി. കോശിയാണ് ടി സ്കൂളിന്റെ എഡ്യൂക്കേഷണൽ ഏജൻസിയും അംഗീകൃത മാനേജരും എന്നിരിക്കിലും **12.07.2024** മുതൽ ടിയാൾ മാനേജരല്ലാത്ത സംഗതികളുടെ ദൈനംദിന ഭരണനിർവഹണത്തിനായി ശ്രീമതി ഏഞ്ചൽ മറീന എഫ്.നെ ചുമതല ഏൽപ്പിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവായിട്ടുണ്ട്.”

**3.** ടി സ്കൂൾ പുതുതായി ഉയർത്തപ്പെട്ട സ്കൂളായതിനാൽ സംരക്ഷിതാധ്യാപകനെ നിയമിച്ചിട്ടില്ല എന്ന കാരണത്താലാണ് ശ്രീ.അഖിലേശ്വരന്റെ നിയമനം നിരസിച്ചതെന്നും, നിലവിൽ വിരമിക്കൽമൂലം ഒഴിവ് വന്ന എച്ച്.എസ്.ടി.(മലയാളം) തസ്തിക **01.06.2024** മുതൽ സംരക്ഷിതാധ്യാപകർക്കായി മാറ്റി വച്ചിട്ടുണ്ടെന്ന് **22.07.2024**-ലെ കത്ത് പ്രകാരം മാനേജർ അറിയിച്ചിട്ടുണ്ടെന്നും, അതിനാൽ **22.07.2024** തീയതി മുതൽ ടിയാന്റെ എച്ച്.എസ്.ടി. (പി.എസ്. ) നിയമനം പരിഗണിക്കാവുന്നതാണെന്നെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്നു.

**4** . സർക്കാർ ഈ വിഷയം ഹിയറിങ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ.അഖിലേശ്വരനെ എച്ച്.എസ്.ടി.(പി.എസ്. ) ആയി നിയമിച്ചിട്ടുള്ളത് **15.07.2021**-ന് ആണെങ്കിലും സംരക്ഷിതാധ്യാപകനെ നിയമിക്കുന്നതിനായി എച്ച്.എസ്.ടി.(മലയാളം) തസ്തിക ഒഴിച്ചിട്ടിട്ടുണ്ടെന്ന് മാനേജർ ജില്ലാ വിദ്യാഭ്യാസ ഓഫീസറെ അറിയിച്ചിട്ടുള്ളത് **22.07.2024** തീയതിയിലെ കത്ത് പ്രകാരമാണ്.

5 . **G.O.(Ms)No.101/2023/GEDN dated 18.07.2023**-ൽ പ്രതിപാദിച്ചിട്ടുള്ളത് സംരക്ഷിതാധ്യാപകരെ നിയമിക്കാനുള്ള തസ്തികകളിലെ ഒഴിവുകൾ മാനേജർമാർ വിട്ടുനൽകിയിട്ടും പ്രസ്തുത ഒഴിവുകളിലേക്ക് സംരക്ഷിത അധ്യാപകരെ പുനർവിന്യസിക്കാത്തതിനാൽ സ്കൂളിൽ നടത്തിയിട്ടുള്ള മറ്റു നിയമനങ്ങൾക്ക് അംഗീകാരം നൽകുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാകുന്നത് ഒഴിവാക്കപ്പെടേണ്ടതാണെന്നാണ് എന്നതിനാൽ **K E R** പ്രകാരം സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി തസ്തിക മാറ്റിവച്ചിട്ടുള്ള വിവരം മാനേജർ വിദ്യാഭ്യാസ ഓഫീസറെ അറിയിച്ചിട്ടുണ്ടെങ്കിൽ, സംരക്ഷിതാധ്യാപകരെ നിയമിക്കാത്തതുമൂലം അംഗീകാരം തടസ്സപ്പെട്ടിരിക്കുന്ന മറ്റു നിയമനങ്ങൾക്ക് നിയമനത്തീയതി മുതൽ അംഗീകാരം നൽകുന്നതിന് അനുമതി നൽകുന്നു എന്നാണ്. അതായത്, റഗുലർ ഒഴിവിൽ പുതിയ നിയമനം നടത്തുന്നതിന് മുൻപായി സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിനായി തസ്തിക മാറ്റി വച്ചിട്ടുണ്ടെന്ന വിവരം വിദ്യാഭ്യാസ ഓഫീസറെ അറിയിച്ചിട്ടുണ്ടെങ്കിൽ, അംഗീകാരം തടസ്സപ്പെട്ടു നിൽക്കുന്ന അധ്യാപകർക്ക് നിയമനത്തീയതി മുതൽ അംഗീകാരം നൽകുവാനാണ് ടി ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്നത്.

**6. 24-03-2023**-ലെ സ.ഉ.(കൈ) നം.**29/2023/GEDN**- ന്റെ ഖണ്ഡിക **(2)(v)** പ്രകാരം "റോസ്റ്റർ പ്രകാരം നിയമിക്കേണ്ട എണ്ണം ഒഴിവുകൾ ഭിന്നശേഷി നിയമനത്തിനായി മാറ്റിവച്ച് മാനേജർ ഒഴിവുകൾ റിപ്പോർട്ട് ചെയ്താൽ അക്കാര്യവും ഒഴിവുകളുടെ നിജസ്ഥിതിയും ഉറപ്പുവരുത്തിക്കൊണ്ട് **18.11.2018** മുതൽ മാനേജർ നടത്തിയിട്ടുള്ള മറ്റ് അധ്യാപക /അനദ്ധ്യാപകരുടെ നിയമനങ്ങൾ അവരുടെ നിയമനത്തീയതി മുതൽ തന്നെ താൽക്കാലികമായി (പ്രൊവിഷണൽ) അംഗീകരിക്കാവുന്നതും ശമ്പളവും മറ്റ് അലവൻസുകളും അനുവദിക്കാവുന്നതുമാണ്." എന്ന് വ്യക്തമാക്കിയിരിക്കുന്നു.

**7.** പാലക്കാട് പോളച്ചിറക്കൽ ഹൈസ്കൂളിലെ എച്ച്എസ്.ടി.(പി.എസ്.) ആയിരുന്ന ശ്രീ. രാജീവിന് **01.04.2020** മുതൽ ഹെഡ്മാസ്റ്റർ ആയി സ്ഥാനക്കയറ്റം നൽകിയതിനെ തുടർന്നുണ്ടായ ഒഴിവിലാണ് ശ്രീ.അഖിലേശ്വരനെ **15.07.2021** മുതൽ നിയമിച്ചത്. സംരക്ഷിത അധ്യാപകനിയമനത്തിന് എച്ച്.എസ്.ടി.(മലയാളം) തസ്തികയിൽ **31.05.2024**-ലുണ്ടായ വിരമിക്കൽ ഒഴിവ് വിട്ടുനൽകുന്നതായി മാനേജർ

വിദ്യാഭ്യാസ ഓഫീസർമാരെ അറിയിച്ചിട്ടുള്ളത് **22.07.2024**-ലാണ്. അങ്ങനെ വരുമ്പോൾ, ഭിന്നശേഷി നിയമനത്തിന് തസ്തിക വിട്ടുനൽകിയിട്ടുണ്ടെന്നതുകൂടി കണക്കിലെടുത്ത് ശ്രീ.അഖിലേശ്വരന് **22.07.2024** മുതൽ മാത്രമേ നിയമനാംഗീകാരം നൽകാനാവൂ എന്ന വിദ്യാഭ്യാസ ഓഫീസർമാരുടെ വാദം ക്രമപ്രകാരമാണ്.

**8.** മേൽ സാഹചര്യത്തിൽ, **01.04.2020** മുതൽ നിലനിൽക്കുന്ന എച്ച്.എസ്.ടി. (പി.എസ്) തസ്തികയിൽ, ടി ഒഴിവ് വ്യവസ്ഥാപിതമാണെന്ന് ഉറപ്പുവരുത്തിയും, സംരക്ഷിതാധ്യാപകനെ നിയമിക്കുന്നതിനായി എച്ച്.എസ്.ടി.(മലയാളം) തസ്തിക ഒഴിച്ചിട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയും, ഭിന്നശേഷി നിയമനത്തിന് തസ്തിക വിട്ടുനൽകിയിട്ടുണ്ടെന്നതുകൂടി കണക്കിലെടുത്ത്, ശ്രീ.അഖിലേശ്വരന് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ **22.07.2024** മുതൽ ശമ്പളസ്കെയിലിൽ പ്രൊവിഷണലായി നിയമനാംഗീകാരം നൽകുന്നതിന് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, പാലക്കാട് പോളച്ചിറക്കൽ ഹൈസ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**M RATHEESH**
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, പോളച്ചിറയ്ക്കൽ ഹൈസ്കൂൾ, പാടഗിരി, പാലക്കാട്
ശ്രീ.വി.എസ്.അഖിലേശ്വരൻ, എച്ച്.എസ്.ടി. (പി.എസ്.), പോളച്ചിറയ്ക്കൽ ഹൈസ്കൂൾ, പാടഗിരി, പാലക്കാട്
വിവര പൊതുജനസമ്പർക്ക (വെബ്ബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 01-07-2025 10:47:51

സെക്ഷൻ ഓഫീസർ